STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.307/PR/SPMC/PHQ/2026 Date:23.07.2026

# പത്രക്കുറിപ്പ്

## തൂഫാൻ : റെയിൽവേ പോലീസ് നടത്തിയ പരിശോധനയിൽ 40 കിലോ കഞ്ചാവ് പിടികൂടി; 7 പേർ അറസ്റ്റിൽ

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി പാറശ്ശാല മുതൽ കാസർഗോഡ് വരെ കഴിഞ്ഞ മൂന്ന് ദിവസങ്ങളിൽ കേരള റെയിൽവേ പോലീസും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും സംയുക്തമായി നടത്തിയ പ്രത്യേക പരിശോധനയിൽ 40 കിലോ കഞ്ചാവ് പിടികൂടി. 9 കേസ്സുകളിലായി ഏഴ് പേരെ അറസ്റ്റ് ചെയ്തു.സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് ലഹരിവസ്തുക്കൾ വിതരണം ചെയ്യുന്നതായി സംശയിക്കുന്നവർ ഉൾപ്പെടെയുള്ളവരാണ് അറസ്റ്റിലായത്. ഇതിൽ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികളാണ്.

കഞ്ചാവിന് പുറമേ എം.ഡി.എം.എ, കഞ്ചാവ് മിഠായി തുടങ്ങിയ ലഹരിയുൽപ്പന്നങ്ങളും പിടികൂടിയവയിൽ ഉൾപ്പെടുന്നു. ദിബ്രുഗഡ്, കേരള എക്സ്പ്രസ്സ്, വിവേക് എക്സ്പ്രസ്സ്, നേത്രാവതി എന്നീ ട്രെയിനുകളിൽ നടത്തിയ പരിശോധനയിലാണ് ലഹരിയുൽപ്പന്നങ്ങൾ കണ്ടെത്തിയത്. പാറശ്ശാല, തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലുമാണ് പരിശോധന നടന്നത്.

റെയിൽവേ പോലീസ് മേധാവി ബി. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ ആർ.പി.എസ് എസ്. എച്.ഓമാരായ റസ്സൽ രാജ്, ശ്യാമ കുമാരി, നിസ്സാറുദ്ദീൻ, മഹേഷ്, പി.കെ. ബഷീർ, എസ്.ഐ. പ്രദീപ് എന്നിവരും, ജി ആർ പി യിലെ ഡാൻസാഫ് & ഇൻറലിജൻസ് അംഗങ്ങളായ ഷഹേഷ്, തോമസ്, ഹരികൃഷ്ണൻ,

അർജ്ജുൻ, ജിതിൻ, മഗനേഷ്, മണികണ്ഠൻ, അനിൽ കുമാർ, ജോസ്, അഖിലേഷ് എന്നിവരും ആർ.പി.എഫ് ഇൻസ്പെക്ടർ ബിനോയ് ആന്റണി, ഹെഡ് കോൺസ്റ്റബിൾ ഷിജി, ഗിരീഷ്, സി.പി.ഡി.എസ് അംഗങ്ങളായ ശരത്, ഷിബു എന്നിവരും ചേർന്നാണ് പരിശോധന നടത്തിയത്.

'ഓപ്പറേഷൻ തൂഫാൻ' ന്റെ ഭാഗമായി റെയിൽവേ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും റെയിൽവേ പരിസരങ്ങളിലെ ലഹരിക്കടത്തും വിതരണവും തടയുന്നതിയി പ്രത്യേക പരിശോധനകൾ തുടർന്നും നടത്തുമെന്നും റെയിൽവേ പോലീസ് മേധാവി അറിയിച്ചു. ലഹരി വിപണനത്തെക്കുറിച്ചുള്ള സത്യസന്ധമായ വിവരങ്ങൾ നൽകുന്നവർക്ക് പാരിതോഷികം നൽകുമെന്നും അദ്ദേഹം അറിയിച്ചു. ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9846200100) വാട്സ്ആപ്പ് (9497935859) മുഖേനയും റെയിൽവേ പോലീസിനെ അറിയിക്കാം.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ്

മീഡിയ സെൻറർ

*****************************************************